# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025-'26

# സെന്റ് പോൾസ് എൽ പി സ്കൂൾ

## വണ്ടൻപതാൽ

ഉപജില്ല : കാഞ്ഞിരപ്പള്ളി

സ്ഥാപിതം : 1983

മാനേജ്മെന്റ് : കാഞ്ഞിരപ്പള്ളി രൂപത കോർപറേറ്റ് മാനേജ്മെന്റ് (എയ്ഡഡ് സ്കൂൾ)

കുട്ടികളുടെ എണ്ണം : 12

ആൺകുട്ടികൾ : 7

പെൺകുട്ടികൾ : 5


സ്റ്റാഫുകളുടെ എണ്ണം : 1+3

: HM

: അധ്യാപകർ 3

# ആമുഖം

അക്കാദമിക് മാസ്റ്റർ പ്ലാൻ എന്നത് ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ദീർഘകാല വിദ്യാഭ്യാസ ദിശയും ലക്ഷ്യങ്ങളും നിശ്ചയിക്കുന്ന സമഗ്രമായ ആസൂത്രണമാണ്. സമഗ്രഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക എന്നത് ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിന്റെയും പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി എന്നത് കുട്ടികളുടെ ബൗദ്ധിക, മാനസിക, ശാരീരിക, സാമൂഹിക, സാംസ്കാരിക വളർച്ചയെ ലക്ഷ്യമിടുന്ന ഒരു സമഗ്ര വിദ്യാഭ്യാസ സമീപനമാണ്.



# പ്രവർത്തന ലക്ഷ്യങ്ങൾ

- മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകരമായ പഠനാന്തരീക്ഷം ലഭ്യമാക്കുന്നു.
- അവസരതുല്യത, സാമൂഹ്യനീതി, ഗുണത എന്നിവ ഉറപ്പാക്കുന്നു. പഠന പരിസരവും പഠനാന്തരീക്ഷവും വികസിപ്പിക്കുന്നു.
- എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
- കുട്ടികളുടെ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണത്തിനുള്ള വേദി ഒരുക്കുക.
- സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി എന്നിവ വളർത്തുക.

# പരിമിതികൾ

1983-ൽ ആരംഭിച്ച ഈ സ്കൂളിൽ 1 മുതൽ 4 വരെ ക്ലാസുകളിലായി 2 ഡിവിഷന് ആവശ്യമായ കുട്ടികൾ ഉണ്ടായിരുന്നു. 2004 മുതൽ കുട്ടികളുടെ എണ്ണത്തിൽ കാര്യമായ കുറവ് വന്നിട്ടുണ്ട്.

ചുറ്റുപാടും ഒട്ടേറെ അൺ എയ്ഡഡ് സ്കൂളുകൾ പ്രവർത്തനമാരംഭിച്ചത് മേൽസ്ഥിതിക്ക് ഒരു കാരണം ആയിട്ടുണ്ട്. 2015-16 മുതൽ ചുറ്റുമതിൽ ഉൾപ്പെടെ ഒട്ടേറെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്കൂൾ കെട്ടിടത്തിന്റെ ഒരു ഭാഗം സീലിംങ്ങ് ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്.

## ഭാഷാ വികാസ മേഖല

കുട്ടികളുടെ ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി വ്യത്യസ്ത തരത്തിലുള്ള മാർഗങ്ങൾ സ്വീകരിക്കാം. പദകാർഡുകൾ, വായനാകാർഡുകൾ (ഇംഗ്ലീഷ്, മലയാളം) എന്നു തുടങ്ങി ഡയറിയെഴുത്ത്, കത്തുകൾ, പത്രവായന, നോട്ടീസ്, ആസ്വാദനക്കുറിപ്പ്, പ്രസംഗം എന്നിങ്ങനെ ഭാഷയുടെ വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കുട്ടികളെ പരിശീലിപ്പിക്കാം. എല്ലാദിവസവും ഡയറിവായന, പത്രവായന എന്നിവ നിർബന്ധമായി നടത്തുന്നു.

## സർഗാത്മക വികസന മേഖല

കഴിവും ഭാവനയും ഉൾചേരുമ്പോഴാണ് ഒരു സർഗാത്മക സൃഷ്ടി രൂപം കൊള്ളുന്നത്. കുട്ടികളുടെ സർഗാത്മക വികാസനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആഴ്ചയുടെ അവസാന ദിവസം കുട്ടികൾക്ക് അവരുടെ കഴിവുകൾ പുറത്തെടുക്കാൻ അവസരം നൽകുന്നു. സർഗവേള എന്ന പേരിൽ ഒരു പ്രോഗ്രാം സംഘടിപ്പി

ക്കുന്നു. സാഹിത്യവുമായി ബന്ധപ്പെടുത്തി കവിത, നൃത്തം, അഭിനയം എന്നിങ്ങനെ കുട്ടികളുടെ ചെറുതും വലുതുമായ കഴിവുകൾ പ്രദർശിപ്പിക്കുന്നു. ഇതിലൂടെ കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിക്കുകയും സഭാകമ്പം ഒഴിവാക്കുകയും ചെയ്യുന്നുണ്ട്.

## വൈജ്ഞാനിക വികാസ മേഖല

കുട്ടികളുടെ വൈജ്ഞാനിക വികാസം സാധ്യമാക്കുന്നതിനായി സ്കൂൾ തലത്തിൽ ഗണിതക്ലബ്ബ്, ശാസ്ത്രക്ലബ്ബ് എന്നിവ സംഘടിപ്പിക്കാം. പരീക്ഷണങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയും ശാസ്ത്രപരമായ കഴിവുകൾ വർദ്ധിക്കുന്നു. കുട്ടികളുടെ ശാസ്ത്രീയ അഭിരുചിയും ചിന്താശേഷിയും അന്വേഷണാത്മക മനോഭാവവും വളർത്താൻ സഹായിക്കും. ഗണിത-പസിലുകൾ, സങ്കീർണമായ ക്രിയകൾ ലളിതമാക്കുവാനും ഗണിത ക്ലബുകൾ സഹായിക്കും. കൂടാതെ ഭാഷാപഠനം മെച്ചപ്പെടുത്താൻ ഭാഷാക്ലബുകൾ സംഘടിപ്പിക്കാം.

## സാമൂഹിക വികസന മേഖല

സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഭവനസന്ദർശനം നടത്തുകയും വിദ്യാലയത്തിൽ അധ്യാപകരും മാതാപിതാക്കളും ഒത്തുചേർന്ന് പി.ടി.എ യോഗം നടത്തുകയും ചെയ്യും. കുട്ടികളുടെ കുടുംബപശ്ചാത്തലം മനസിലാക്കി ആവശ്യമായ സഹായങ്ങൾ നൽകി കുട്ടികളെ മുൻനിരയിൽ എത്തിക്കാൻ ശ്രമിക്കും.

## വൈകാരിക വികാസ മേഖല

കുട്ടിയുടെ ബുദ്ധിപരമായ ശേഷി വികസിപ്പിക്കു-വാനുള്ള ശ്രമങ്ങൾ നടത്തും. വായനയിലൂടെ കുട്ടിയെ അറിവിന്റെ ലോകത്തേക്ക് കടക്കാൻ സഹായിക്കാം. കുട്ടിയുടെ സംസാരവൈകല്യം കണ്ടെത്തി വേണ്ട പരിശീലനങ്ങൾ നൽകും. ചുറ്റുപാടുകളുമായി പൊരുത്തപ്പെടുന്നതിനും സമൂഹത്തിൽ നല്ല പെരുമാറ്റം വളർത്തിയെടുക്കുവാനും പരിശീലനം നൽകും. കളികളിലൂടെയും പാട്ടുകളിലൂടെയും

# ഇൻഫർമേഷൻ ആൻഡ് കമ്യൂണിക്കേഷൻ ടെക്നോളജിസ്

പ്രൈമറി വിദ്യാഭ്യാസത്തിൽ പഠിപ്പിക്കുന്നതിനുള്ള നിരവധി അവസരങ്ങൾ ICT നൽകുന്നു. ആഴ്ചയിൽ മൂന്ന് ദിവസം കുട്ടികൾക്ക് ICT പ്രവർത്തനങ്ങൾ നൽകിവരുന്നു. കുട്ടികളുടെ ശാരീരിക മാനസികവുമായ വളർച്ചയ്ക്കും ഉല്ലാസത്തിനുവേണ്ടി freetime-ൽ കുട്ടികൾക്ക് ചെറിയ ചെറിയ കഥകളും പാട്ടുകളും ICT മുഖാന്തരം വഴി കാണിക്കുന്നു.

# ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക
4. സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കാനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

# ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
3. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
4. Spoken English ക്ലാസ് കുട്ടികൾക്കായി നൽകി വരുന്നു.

5. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.

6. ക്ലാസ്സ് തല വായനാമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

7. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മാണ വർക്ക്ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ആധുനിക സാങ്കേതികവിദ്യാ സംവിധാനങ്ങൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
4. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## പരിസര പഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.

3. ശാസ്ത്രീയ പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.

4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.

5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.

2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന്

പ്രാപ്തരാക്കുക.

3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.

4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.

2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതിക-വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക

3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

# ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവുമായി ബന്ധപ്പെട്ട് കേരളത്തിൽ അങ്ങോളം ഇങ്ങോളം നടത്തിവരുന്ന നൂതന പ്രവർത്തനങ്ങളിൽ ഈ കൊച്ചു സ്കൂളും പങ്കാളിയാവുകയാണ്. നഷ്ടപ്പെട്ടു പോയ പഴയകാല പ്രതാപങ്ങളെ തിരിച്ചു പിടിക്കാൻ ഞങ്ങൾ ശ്രമിക്കുകയാണ്. അതിനായുള്ള വിവിധ പ്രവർത്തനങ്ങൾ ഈ അക്കാദമിക് മാസ്റ്റർ പ്ലാനിലൂടെ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിൽ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികൾ വിജയപഥത്തിലെത്തിക്കുന്നതിന് അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും കഠിനാധ്വാനവും ഒത്തൊരുമ അനിവാര്യമാണ്. എല്ലാവരുടെയും കൂട്ടായ പരിശ്രമത്തിലൂടെ ഈ കൊച്ചു വിദ്യാലയം ഗ്രാമത്തിലെ മികവിന്റെ കേന്ദ്രമായി തീരുമെന്ന് പ്രത്യാശിക്കുന്നു.